


# സ്മരണിക–2019

## VIVEKANANDA

HIGHER SECONDARY & VOCATIONALHIGHERSECONDARY SCHOOLPOREDOM,CHADAYAMANGALAM,KOLLAM PH:0474 24 75123


"Take up one idea. Make that one idea your life—think of it, dream of it, live on idea. Let the brain, muscles, nerves, every part of your body, be full of that idea, and just leave every other idea alone. This is the way to success."
—Swami Vivekananda




**HIGH SCHOOL**

English & Malayalam medium

**HIGHER SECONDARY SECTION**

Science Biology (2Batches)

Computer Science(2Batches)

Commerce Group (2Batches)

**VOCATIONAL HIGHER SECONDARY SECTION**

Computer Science & Information Technology

Accountancy & Taxation(A&T)

Electronics and communication(ECT)

Agriculture Crop Health Management(ACHM

# OUR MANAGER




Sri. Poredom Badar

# *HEADS OF OUR INSTITUTION*



*Sri. K. Prrakash Kumar(Principal HSS)*



*Smt. Anuraradha(Headmistress VHSE)*



*Smt. Ramadevi(Principal HS)*



**N.K.Premachandran**
Member of Parliament
(Lok Sabha)
Kollam, Kerala

**Maheswary, Cantonment**
Kollam-691-001(Kerala)
Tel: 0474-2769922
9, Canning Lane
(Pt. Ravi Shankar Shukla Lane)
New Delhi- 110-001
Tel:011- 23380261
E-mail: nkprem07@gmail.com

# സന്ദേശം

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ സാങ്കേതിക വിങ്ജ്ഞാനവും നൈപിണ്യവും വിദ്യാർത്ഥികളിൽ എത്തിക്കുവാൻ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ മാതൃകാപരമാ പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാലയമാണ് വിവേകാനന്ദാ വൊക്കേഷണൽ & ഹയർസെക്കന്ററി സ്കൂൾ. പഠന വിഷയങ്ങളിലെന്നപൊലെ പാഠ്യേതര വിഷയങ്ങളിലും കുട്ടികളുടെ കഴിവ് കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണ്. കലാസാംസ്കാരിക സാഹിത്യ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള അഭിരുചി അറിയുവാനും അത് മറ്റുള്ളവരിലെത്തിക്കുന്നതിനും സഹായകരമായ പ്രവർത്തനമാണ് സ്കൂൾ മാഗസിന്റെ പ്രസിദ്ധീകരണം. സ്കൂളിന്റെ പ്രവർത്തനങ്ങൾക്കും ലെ മാഗസിനും എല്ലാവിധ ആശംസകളും നേരുന്നു.

കൊല്ലം
18.1.2019

എൻ.കെ. പ്രേമചന്ദ്രൻ

MULLAKKARA RETNAKARAN
(CHADAYAMANGALAM)
MEMBER
KERALA LEGISLATIVE ASSEMBLY
3 D NEYYAR BLOCK, M.L.A HOSTEL
THIRUVANANTHAPURAM
'RAGAM'
AMBALAKARA P>O
KOTTARAKKARA

PHONE
RESI:04742472888
OFFICE:0471 -2512219
MOBILE:9846347900
FAX: 0471-2512606
E-mail:mullakkararetnakaran@gmail.com

# ആശംസകൾ

പോരേടം വിവേകാനന്ദ വൊക്കേഷണൽ ഹയർസെക്കന്ററി & ഹയർസെക്കണ്ടറി സ്കൂളിന്റെ ഈ വർഷത്തെ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരയധികം സന്തോഷം. വിദ്യാർത്ഥികളുടെ സമ്പൂർണ വ്യക്തിത്വ വികാസമാണ് വിദ്യാഭ്യാസത്തിന്റെ മൗലിക ലക്ഷ്യം. ഇതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്നതും വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഭാഗമാണ്.

പ്രകൃതിയുടെ സൗന്ദര്യവും സമൂഹത്തിന്റെ ജീവസ്പന്ദനങ്ങളും തുടിക്കുന്ന ഒരു ഉത്തമ കലാസൃഷ്ടിയായി ഈ സ്കൂൾ മാഗസിൻ മാറുമെന്നും ഞാൻ കരുതുന്നു.സത് സംരംഭത്തിന് നേതൃത്വം നൽകിയവരെയും പങ്കാളികളായവരെയും ഞാൻ ഹൃദയപൂർവം അഭിനന്ദിക്കുന്നു.

സ്നേഹപൂർവ്വം

ചടയമംഗലം

മുല്ലക്കര രത്നാകരൻ

18.1.2018

# എഡിറ്റോറിയൽ

ആധുനിക സാങ്കേതികവിദ്യ വളരെ പ്രസക്തിയാർജ്ജിച്ച ഈകാലഘട്ടത്തിൽ സമൂഹത്തിന്റെ വളർച്ചയെ ഏറെ സഹായിച്ച വിവരസാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗമാണ്. വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗംമൂലം കൗമാരമനസ്സുകളിൽ വളരെയധികം ദോഷങ്ങൾ സാധ്യമാകുന്ന ഈ കാലഘട്ടത്തിൽ അതിനു ബദലായി വിവരസാങ്കേതികവിദ്യ സമൂഹത്തെ നന്മയിലേക്ക് നയിക്കാനും വിവരസാങ്കേതികവിദ്യയുടെ ഓരോ ഗുണങ്ങളും കുട്ടികളിലെത്തിക്കുന്നതിനും ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഈ സ്മരണിക സഹായിക്കുമെന്നു വിശ്വസിക്കുന്നു നമ്മുടെ കുട്ടികളുടെ സർഗാത്മകവാസനയെ പരിപോഷിപ്പിക്കാനുള്ള ഞങ്ങളുടെ ശ്രമമാണ് ഈ സ്മരണിക.

എന്ന് വിനയത്തോടെ,

എഡിറ്റർ

ഫാത്തിമ ആർ എസ്

# STATEMENT OF PUBLICATION

Place of Publication : Poredom
Periodicity of Publication : Annual
Printer's Name : Little Kites Unit
Nationality : Indian
Address : Little Kites Unit
Vivekananda Higher
Secondary & Vocational
Higher Secondary School,
Staff Editor :
Printed at : HS IT lab

## Proof Reading :-

Noora (9C)
Ameena(9E)
Nayana(9E)
Asiya(9C)
Ajin(9)

**Photos and Video :-**

Anamika(9)

Irfan(9D)

Ijas(9)

Jasin(9)

Sabith(9E)

Ajmal(9D)

Edwin(9C)

Anand(9)

Naja(9D)

Sibina(9D)

Krishna(9C)

**Malayalam Typing:-**

Ashna(9E)

Amina(9C)

Naseeh (9C)

Poornima(9E)

## English Typing :-

Sneha(9)

Fiza(9B)

Akhila(9B)

Soorya(9B)

Akshay(9C)

Karthik(9

Malu(9)

Amina(9)

Mahesh(9)

## Sorting :-

Fathima(9B)

Meenu(9E)

Lekshmi(9B)

Darshana(9A)

Habeeba(9C

## Design and Layout :-

Ashna(9E)

Arun(9)

Abhaya(9B)

Risvana(9D

# വാർഷിക റിപ്പോർട്ട് -HS

പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന പദ്ധതിയുടെ കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നു പൊയ്ക്കൊണ്ടിരുന്നത്. അതിന്റെ അതിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇത് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധമായ നമ്മുടെ വിദ്യാലയത്തെ മുന്നോട്ട് നയിക്കാൻ സഹായിച്ച പി. ടി. എ അംഗങ്ങൾ, രക്ഷകർത്താക്കൾ,നാട്ടുകാർ,അഭ്യുദയകാംക്ഷികൾ എന്നിവരെ സ്നേഹപൂർവ്വം സ്മരിച്ചുകൊണ്ട് വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുന്നു.

## അക്കാദമിക പ്രവർത്തനങ്ങൾ

കഴിഞ്ഞ അധ്യയന വർഷത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ എസ്. ആർ. ജി. കൂടി വിവിധ ക്ലബ്ബുകൾ രൂപീകരിക്കുകയും അവയുടെ ഉദ്ഘാടനം വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട പ്രമുഖ വ്യക്തികൾ

നിർവഹിക്കുകയും ചെയ്തു. പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ടെസ്റ്റ് പേപ്പേഴ്സ്, ക്ലാസ്സ് പി. ടി. എ. എന്നിവ നടത്തപ്പെട്ടു. വിജയ ശതമാനം വർധിപ്പിക്കുന്നതുവേണ്ടി ഗ്രേഡ് തിരിച്ചുള്ള സായാഹ്ന ക്ലാസുകൾ സംഘടിപ്പിച്ചു. പഠനത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കായി റെമഡിയിൽ ക്ലാസുകൾ സംഘടിപ്പിച്ചു. പരീക്ഷാഭയം അകറ്റുന്നതിനു വേണ്ടി കൗൺസിലിംഗ് ക്ലാസുകൾ സംഘടിപ്പിച്ചു. കൂടാതെ സബ്ജെക്ട് എക്സ്പേർട്ട്, ക്ലാസുകൾ കൈകാര്യം ചെയ്തു. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി തിളക്കമാർന്ന വിജയം കൈവരിക്കാൻ സാധിച്ചു.

## അർഹതയുള്ള അംഗീകാരം

സ്കൂളിലെ പ്രതിഭകളെ കണ്ടെത്തുന്നതിനായി ഫസ്റ്റ് ടേമിലും, സെക്കന്റ് ടേമിലും ഓരോ ടാലന്റ് എക്സാമിനേഷൻ സംഘടിപ്പിക്കാൻ കഴിഞ്ഞു. വിജയികൾക്ക് ഓരോ ടേമിലും ട്രോഫികൾ വിതരണം

ചെയ്തു. ഉയർന്ന ഗ്രേഡ് കരസ്ഥമാക്കിയ തഹാനിയ ഡി. എച്ച് എന്ന കുട്ടിക്ക് ക്യാഷ് അവാർഡ് നല്കുകയും ചെയ്തു.

## അസംബ്ലി

കുട്ടികളിൽ അച്ചടക്കം നിലനിർത്തുന്നതിനും വിവിധ ഭാഷകളിലെ പരിജ്ഞാനം വർധിപ്പിക്കുന്നതിനും ക്ലബ്ബ്കളുടെ നേതൃത്വത്തിൽ അസെംബ്ലികൾ സംഘടിപ്പിച്ചു.

പഠന പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് വേണ്ടി മനോരമ-പടിപ്പുര, മാധ്യമം - വെളിച്ചം, ജനയുഗം - എന്റെ സഹപാഠി എന്നിവ ഈ സ്കൂളിൽ നടന്നുവരുന്നു. സ്കൂളിന്റെ അഭ്യുദയകാംക്ഷികളാണ് ഇവ സ്പോൺസർ ചെയ്തിരിക്കുന്നത്. ഇവരെ സ്മരിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു.

## ശാസ്ത്രമേള, പ്രവർത്തി പരിചയമേള, സ്കൂൾ കലോത്സവം, കായികമേള

സബ് ജില്ലാ, കലോത്സവങ്ങളിൽ കുട്ടികളെ പങ്കെടുക്കാൻ കഴിഞ്ഞു. നാടൻ പാട്ട്, മാപ്പിളപ്പാട്ട് തുടങ്ങിയവയ്ക്ക് സബ് ജില്ലയിൽ ഒന്നാം സ്ഥാനവും ലഭിച്ചു. നാടൻ പാട്ടിനു ജില്ലയിൽ രണ്ടാം സ്ഥാനവും ലഭിച്ചു. സംസ്ഥാന അറബിക് കലോത്സവത്തിൽ സംഭാഷണത്തിന് A ഗ്രേഡ് ലഭിച്ചു. സംസ്ഥാനതല ശാസ്ത്രമേളയിൽ പ്രവർത്തിപരിചയ മേളയിൽ Product from waste material ന ഒന്നാം സ്ഥാനം ലഭിച്ചു. സബ്ജില്ലാ സബ്ജില്ലാശാസ്ത്രമേളയിൽ Working model നും research type project നും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചു. ഗണിത ശാസ്ത്രമേളയിൽ Geometrical chart നും ഒന്നാം സ്ഥാനംലഭിച്ചു.

## ആഘോഷങ്ങൾ, ദിനാചരങ്ങൾ

എല്ലാ ക്ലബ്ബുകളുടെയും നേതൃത്വത്തിൽ ദിനാചരണങ്ങൾ, ഭംഗിയായി നടത്തുകയുണ്ടായി. വായനാവാരം, പരിസ്ഥിതിദിനം, ലഹരിവിരുദ്ധദിനം, സ്വാതന്ത്ര്യദിനം എന്നിവ ആചരിച്ചു. കുട്ടികൾക്ക് ഓണസദ്യയൊരുക്കി ഓണം ആഘോഷിച്ചു. അധ്യാപകദിനത്തിൽ 96 വയസ്സുള്ള ഈ പ്രദേശത്തുള്ള ബഹു. ശ്രീ. രാഘവൻ പിള്ള സാറിനെ ആദരിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ നമ്മുടെ സ്കൂൾ സജീവമായി ഇടപെടുന്നു. നിർധന രും രോഗികളുമായ രക്ഷകർത്താക്കളെ സഹായിക്കാൻ ഞങ്ങൾ എക്കാലവും ശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞ അധ്യയന വർഷവും ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

## പഠനവിനോദയാത്ര

പഠനവിനോദയാത്രയുടെ ഭാഗമായി നിരവധി സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. അതിലൂടെ

നിരവധി കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു.

## ഗതാഗത സംവിധാനം

വിവിധ സ്ഥലങ്ങളിൽ നിന്നും കുട്ടികളെ സ്കൂളുകളിലേക്ക് എത്തിക്കുന്നതിനുവേണ്ടി വാഹന സൗകര്യം സൗജന്യമായിട്ടാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

## സ്കൂൾ ഡിസിപ്ലിൻ കമ്മിറ്റി

സ്കൂൾ ഡിസിപ്ലിൻ കമ്മിറ്റി പൂർവ്വാധിക്യം ഭംഗിയായി നടന്നുവരുന്നു. അച്ചടക്കം നിലനിർത്താൻ പരമാവധി ശ്രമിക്കുന്നുണ്ട്.

# OUR SCHOOL ASSEMBLY














# BROTHER

It's so hard to explain with words,
What a special brother you are?
You're a special person in the dark world,
A light and shining star.
Having a brother like you is a joy,
You're thoughtful, caring and dear.
Always to willing to give me a hand,
Able to comfort and to cheer....
A special person to hold my hand,
No mother come what
A special person to laugh with me,
And help me to faid my way.
A special person to listen,
When I don't know what to do.
A special person who gives advice,
And help me make it through
A special person to those you know
Helping when a help is need.
A special person we love.
And you is the special person to me.

Mariyam
10E



# TRUE LOVE


*True love comes only once in a life time*
*Yet lasts n extremely*
*It has the power to crush someone so deeply*
*While at the same time they know*

*There's no one else in the world they'd rather be with*
*True love will knock down the walls of difficulty*
*To be with that special one*

*It will take your hand and fly over the world*
*into a place where's no pain, no tears*
*True Love will withstand there rest of time,*
*Forever waiting until its love is returned*
*It never fails, never dies, never lets go of the one they.*

*Sooraj S.P*
*10 A*

# WINNER/LOSER



The winner says,``It may be difficult
but it is possible."
The loser says, it may possible but
it is too difficult."
        Winner make it happen
        Loser let it happen

The Winner binds an answer for every problem
The Loser see a problem for every answer

Winner always have a plan
        Loser always have an excuse
Winner believes in win-win for all
Loser believe to win, other must lose
        Winner are part of the team
        Loser are part from the team

The Winner makes a mistakes and says ``I was wrong"
The loser makes a mistake and says,
``It was not my fault_"

ASHNA 8 D


# DREAMS UNLIMITED

My only dream is to fly up high.
The dream is very mysterious.
Skill in dreaming is a gift of god

Loneliness is one of the reason for
dreaming. Just imagine dream is like
a flower and we are the butterflies
around the flower.

Dream is marvelous
Sometimes our dream become horror
Sometimes happy, sorrow etc...
I love fly up like a bird
Dream is not for sleeping
it is for every movement in our life
I accept A.P.j Abdul Kalam's words.
But he is dead; now also he is with me
In my memory with the pure word to dream in
every time.   Dream is the part of life

AMINA   9C



# MY COUNTRY

India is my country. All Indians are my brothers and Sisters. I love my country and I am proud of its rich and varied heritage. I shall always strive to be worthy of it. I shall give my parents, teachers and all elders respect and treat everyone with courtesy.
To my country and my people, I pledge my devotion. In their well-being and prosperity alone lies my happiness.


Afsal. A

# അമ്മയും കുഞ്ഞും



പുലർ  കാലത്തിലെ
തണുത്ത സ്വപ്നമാണ്
നീയെനിക്കെന്നും
ധനുമാസക്കാലത്തെ
കുളിർക്കാറ്റു പോലെയെൻ
മുഖം തണുത്ത നിൻ
സ്പർശത്താൽ തലോടും പോൽ
എനിക്ക് എന്നുമെൻ ഉൾകാഴ്ചകളിൽ
ഓടികളിക്കുന്ന
നിൻ പിഞ്ചു കാലടി ഞാൻ
ഒരുപാടു കണ്ടിരുന്നു
ഒരുവേള നിൻ കിളിക്കൊഞ്ചൽ
എൻ കാതിൽ
മുഴങ്ങുമ്പോൾ തിരിഞ്ഞു
ഞാൻ എവിടെ നീയെന്നു
തിരഞ്ഞിടുന്നു
മതിയായില്ലേ എൻ കണ്മണി-
ക്കെന്നെ ഈ വിധം കളിപ്പിച്ചതിനിയും
മതിയായില്ലേ എൻ കണ്മണി-
ക്കെന്നെ ഈ വിധം കളിപ്പിച്ചതിനിയും

NEERAJA
8 C



# വെളിച്ചം പകരും
# അധ്യാപകർ

എൻ അധ്യാപകർ എൻ വെളിച്ചം
എൻ അധ്യാപകർ എൻ മാതൃക
എൻ ഉള്ളിലെ ഇരുട്ട് മാറ്റും ദൈവങ്ങൾ
എന്നെ പഠിപ്പിക്കും അധ്യാപകർ
എന്നെ അറിവുള്ളവനാക്കി മാറ്റുന്നു
എൻ അധ്യാപകർ
എൻ അധ്യാപകരഞാൻ
ജീവിക്കുന്നതിന്അർത്ഥമുണ്ടാക്കിയതും
എന്നേ പഠിക്കാൻ പ്രേരിപ്പിക്കുന്നതും
എൻ അധ്യാപകർ എൻ അധ്യാപകർ
എന്നെ അറിവെന്ന മഹാസാഗരത്തിൽ
കൈ പിടിച്ച് നടത്തിയതും
എൻ അധ്യാപകർ എൻ അധ്യാപകർ
അധ്യാപകരില്ലെങ്കിൽ അറിവും ഇല്ല
അറിവില്ലെങ്കിൽ നന്മകളും ഇല്ല
അതുകൊണ്ടു സ്നേഹിക്കു അധ്യാപകരെ

അനന്തു.ആർ

# ഓർമ്മത്താളുകൾ

ഓർമ്മതൻ പുസ്തകത്താളുകൾ മറിച്ചീടുമ്പോൾ
നിൻമുഖം അറിയാതെ ഓർത്തുഞാൻ
ഓർക്കാൻ ഒരുപാടു ഓർമ്മകളും
മറക്കാൻ ഒരുപാടു സ്വപ്നങ്ങളും
മനസ്സിന്റെ ഉൾതട്ടിൽ സൂക്ഷിച്ചീടാൻ
നിന്റെ നിറപുഞ്ചിരി മാത്രം

ഓരോ ഓർമ്മയും ബാക്കിയായി
ദിനങ്ങളേറെ കടന്നുപോയി
നീയെന്നിൽ പെയ്തിറങ്ങിയ വർഷകാലവും
നീയെന്നിൽ മഞ്ഞായി മാറിയ ഹേമന്തവും
ഇനി ഓർമയിൽ മാത്രം

മഞ്ഞുകാലം കഴിഞ്ഞുള്ള പിൻ വേനലിൽ
തേടി ഞാൻ നിന്നെ പ്രതീക്ഷയോടെ
വരികില്ലെന്നറിയാമെന്നായിട്ടുംഞാൻ നിന്റെ
വരവിനായി കൊതിയോടെ കാത്തിരുന്നു

അജ്ന.എൻ എസ്
10c

# SCHOOL LIFE

*Student life is full of fun,*
*Work and play.*
*Their day begins with a prayer*
*And ends with play.*

*They go to school with a heavy bag on their back*
*And water bottles in their hand.*
*They sit in the class and toil all day.*
*And learn about millipedes that coil all day.*

*In school they make many friends*
*And learn many trends.*
*They even learn values*
*Of love and life*

# ENVIRONMENT DAY CELEBRATION









# വായനാ ദിനം(ക്വിസ്)


VIVEKANANDA HSS
POREDOM
OFFICE


VIVEKANANDA HSS
POREDOM
OFFICE

# STATE LEVEL WORK EXPERIENCE 2018-2019

## (Product from Waste Materials-1st A grade)



## Pranav. S.S (9D)

# STATE LEVEL ARABIC KALOLSAVAM
# (2018-2019)
# (സംഭാഷണം- A Grade)



Bareera & Fathima

# SUB DISTRICT LEVEL SPORTS
# 2018-2019






# PRAVESHANOLSAVAM


# 2018-2019








# SUB DISTRICT KALOLSAVAM 2018-2019















# കശുമാവിൻ തൈ വിതരണം


OFFICE
VIVEKANANDA VHSS POREDOM


VIVEKANANDA VHSS PO




VIVEKANANDA VHSS POREDOM



# വിശാലമായ കളിസ്ഥലം





# ജ്യോതിലക്ഷ്മിക്ക് ലൈബ്രറി നിർമാണം



# ഉച്ചഭക്ഷണ വിതരണം





# മനോഹരമായ പൂന്തോട്ടം



# ജെ. ആർ. സി റിപ്പോർട്ട് 2018-19

ലോക പരിസ്ഥിതി ദിനമായ ജൂൺ 5 ജെ.ആർ.സി യൂണിറ്റിന് ആഭിമുഖ്യത്തിൽ ദിനാചരണം നടത്തി വൃക്ഷത്തൈ നടീൽ. പരിസ്ഥിതി ക്വിസ്, പോസ്റ്റർ രചനാ എന്നിവ നടത്തി. എട്ടാംക്ലാസിൽ നിന്നും സേവനസന്നദ്ധതയുള്ള ഇരുപത് കുട്ടികൾ യൂണിറ്റിൽ അംഗങ്ങളാക്കി അങ്ങനെ എ ലെവലിൽ ഇരുപത് അംഗങ്ങളും ബി ലെവലിൽ ഇരുപത് അംഗങ്ങളുമായി ജെ.ആർ.സി. പ്രവർത്തനം തുടർന്നു. ജൂൺ പതിനാലിൽ രക്തദാന ദിനം ജെ.ആർ.സി യൂണിറ്റിന്റെയും ഹെൽത്ത് ക്ലബ്ബിന്റെയും നേതൃത്തത്തിൽ നടത്താൻ കഴിഞ്ഞു.

ജെ. ആർ. സി. യൂണിറ്റിന്റെ നേതൃത്ത്വത്തിൽ സ്വാതന്ത്ര്യ ദിനാഘോഷം നടന്നു. പതാക ഉയർത്തൽ സ്വാതന്ത്ര്യദിന പ്രതിജ്ഞ, ചിത്രരചന, ക്വിസ് മത്സരം, ശുചീകരണം എന്നിവ സംഘടിപ്പിച്ചു. ഗാന്ധിജയന്തി ജെ. ആർ. സി. യൂണിറ്റിന്റെ നേതൃത്വത്തിൽ ആചരിച്ചു. അന്താരാഷ്ട്ര റെഡ്ക്രോസിന്റെ സ്ഥാപകനായ ജീൻ ഹെൻട്രി ഡ്യൂനറ്റിന്റെ ചരമ വാർഷികം (ഒക്ടോബർ 30)സമുചിതമായി ആചരിച്ചു. അന്നേ ദിവസം സ്കൂൾ അസംബ്ലി ജെ.ആർ. സി. യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്നു. ലോക എയ്ഡ്സ് ദിനമായ ഡിസംബർ ഒന്നിന് ജെ. ആർ. സി. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ചു.


അഞ്ചൽ ഈസ്റ്റ് സ്കൂളിൽ വെച്ച് നടന്ന ബി ലെവൽ കേഡറ്റ്സിന്റെ സെമിനാറിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കാൻ കഴിഞ്ഞു. എ, ബി സി, ലെവൽ പരീക്ഷകൾക്ക് കേഡറ്റുകളെ

പങ്കെടുപ്പിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തി.

സ്കൂളിന്റെ പൊതുവായ കാര്യങ്ങളിൽ എന്നും ജെ. ആർ. സി. യൂണിറ്റ് മുൻകൈ എടുത്തു പ്രവർത്തിക്കുന്നു.


# little kites പ്രവർത്തനങ്ങൾ





# *LITTLE KITES UNIT 2018-2019*




"Education is the most
Powerful Weapon
which you can use
to change the world."
~ APJ. Abdul Kalam

# *THANK YOU*